**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139** **12-09-2023 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാല യൂണിയൻ തെരഞ്ഞെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. യു. എ. ലത്തീഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഏതെങ്കിലും സർവ്വകലാശാല യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആൾമാറാട്ടം നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആൾമാറാട്ടം നടത്തിയതായി ഇതുവരെ കണ്ടെത്തിയിട്ടില്ല; എന്നാൽ കേരള സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പിന് മുന്നോടിയായി നടന്ന 2022-23 ലെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ ആൾമാറാട്ടം നടന്നതായി സർവകലാശാലയ്ക്ക് പരാതി ലഭിച്ചിരുന്നു. തുടർന്ന് നടന്ന അന്വേഷണത്തിൽ, പ്രിൻസിപ്പൽ -ഇൻ-ചാർജ് ആയിരുന്ന Lt. Dr. Shyju G.J. തെരഞ്ഞെടുക്കപ്പെട്ട സർവകലാശാല യൂണിയൻ കൗൺസിലർക്കു പകരം മറ്റൊരാളുടെ പേരുവിവരങ്ങൾ സർവകലാശാലക്ക് അയച്ചതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ആൾമാറാട്ടം നടത്തിയവർക്കെതിരെ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | കാട്ടാക്കട ക്രിസ്ത്യൻ കോളേജിലെ ആൾമാറാട്ടവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു :<br><br>i. പ്രിൻസിപ്പൽ ചാർജ്ജിൽ ഇരുന്ന Lt. Dr. Shyju G.J. യുടെ DDO നിയമനാംഗീകാരം പിൻവലിച്ചു.<br><br>ii. ടിയാനെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കണമെന്ന സർവകലാശാലാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോളേജ് മാനേജ്‌മെന്റ് ഡോ.ഷൈജുവിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു.<br><br>iii. ഈ വിഷയത്തിൽ അടിയന്തര അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കേസ് എടുത്ത് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | iv. സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സർവകലാശാലക്ക് ഉണ്ടായ നഷ്ടം 1,55,938/- രൂപ കുറ്റക്കാരനിൽ നിന്നും ഈടാക്കാൻ തീരുമാനിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.<br><br>v. സർവകലാശാല അക്കാദമിക സമിതി/ സ്ഥാനങ്ങൾ എന്നിവയിൽ നിന്നും പരീക്ഷ സംബന്ധിയായ ജോലികളിൽ നിന്നും ടിയാനെ അഞ്ചു വർഷത്തേക്ക് സസ്പെൻഡ് ചെയ്തു. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | എല്ലാ സർവകലാശാലകളിലും സർവകലാശാലാ റഗുലേഷൻസ് പ്രകാരം മതിയായ സൂക്ഷ്മപരിശോധനകളോടുകൂടിയാണ് തെരഞ്ഞെടുപ്പ് പ്രക്രിയകൾ നടത്തിവരുന്നത്.<br><br>കേരള സർവകലാശാലയിൽ, വിദ്യാർത്ഥികളുടെ വയസ്സും അക്കാദമിക അരിയേഴ്സും ഉൾപ്പെടെയുള്ള എല്ലാ യോഗ്യതകളും അതത് കോളേജ് പ്രിൻസിപ്പൽമാർ നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ഒരു സത്യവാങ്മൂലം സർവകലാശാലയിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ച് നടപ്പിലാക്കി.<br><br>കാലിക്കറ്റ് സർവകലാശാലയിൽ, ആൾമാറാട്ടം നടത്തുന്നത് തടയുന്നതിനായി സർവകലാശാലാ യൂണിയൻ കൗൺസിലർമാർക്ക് അതത് കലാലയങ്ങളിലെ പ്രിൻസിപ്പൽ മുഖാന്തരം കാലിക്കറ്റ് സർവകലാശാല വിദ്യാർത്ഥി ക്ഷേമ വകുപ്പ് സാക്ഷ്യപ്പെടുത്തി മുദ്രവച്ച തിരിച്ചറിയൽ കാർഡുകൾ നൽകുകയും തെരഞ്ഞെടുപ്പ് നിയമാവലി പ്രകാരം സ്ഥാനാർത്ഥികളുടെ സാക്ഷ്യപ്പെടുത്തിയ പ്രതിനിധികൾ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഭാഗഭാക്കാവുകയും ചെയ്തിട്ടുണ്ട്.<br><br>സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് എ.പി.ജെ.അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല ഇലക്ഷൻ മാന്വൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ